ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 02.02.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാജ്യ പുരോഗതിയും വികസിത ഭാരതത്തിലേക്കുള്ള പ്രയാണവും ത്വരിതപ്പെടുത്തുന്നതാണ് കേന്ദ്രബജറ്റെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   Prime Minister Narendra Modi hails Union Budget as a game-changer for country's progress and journey towards Viksit Bharat.

2. കേന്ദ്ര ബജറ്റിൽ കൃഷി, ഗ്രാമീണ സമൃദ്ധി, നഗരവികസനം, പരിഷ്കരണങ്ങൾ എന്നിവയ്ക്കാണ് ഊന്നൽ നൽകുന്നതെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ.

   Finance Minister Nirmala Sitharaman says, Union Budget's focus is on agriculture, rural prosperity, urban development and reforms.

3. ഇടത്തരക്കാർക്കും യുവാക്കൾക്കും ഗുണം ചെയ്യുന്ന ഒന്നും ബജറ്റ് പ്രഖ്യാപനത്തിലില്ലെന്ന് പ്രതിപക്ഷം; കേരളത്തിൻറെ പ്രധാന ആവശ്യങ്ങളെയാകെ കേന്ദ്ര ബജറ്റ് നിരാകരിച്ചതായി മുഖ്യമന്ത്രി; കേരളത്തിന് നിരാശയെന്ന് പ്രതിപക്ഷ നേതാവ്.

   Opposition says Budget offers nothing for middle class and youth; Chief Minister states Centre's Budget rejects Kerala's key needs; Opposition Leader calls it disappointing for Kerala.

4. വഖഫ് (ഭേദഗതി) ബില്ലിന്മേലുള്ള സംയുക്ത പാർലമെൻററി സമിതി റിപ്പോർട്ട് നാളെ ലോക്സഭയിൽ.

   Joint Parliamentary Committee Report on Waqf (Amendment) Bill to be tabled in Lok Sabha tomorrow.

5. 5ഉത്തരാഖണ്ഡിൽ നടക്കുന്ന 38-ാമത് ദേശീയ ഗെയിംസിൽ മെഡൽ നേട്ടം തുടർന്ന് കേരളം. ഐസിസി അണ്ടർ 19

**വനിതാ ട്വന്റി ട്വന്റി ലോകകപ്പ് ഫൈനലിൽ ഇന്ന് ഇന്ത്യ-ദക്ഷിണാഫ്രിക്കാ പോരാട്ടം.**

**Kerala maintains medal streak at 38th National Games in Uttarakhand; India to take on South Africa in ICC U-19 Women's T20 World Cup final today.**

OOOOOOOOOOOOOOOOOOOOOOOOOO

# HEADLINE – 1

# HEADLINE – 3

## BUDGET REACTIONS (INTRO)

വികസിത ഭാരതിലേക്കുള്ള പ്രയാണത്തെ ത്വരിതപ്പെടുത്തുന്നതാണ് കേന്ദ്ര ബജറ്റെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജ്യത്തെ ഇടത്തരക്കാർക്ക് ബജറ്റ് ഏറെ ഗുണം ചെയ്യുമെന്നും കാർഷിക മേഖലയെ ശാക്തീകരിക്കുന്നത് വഴി ഗ്രാമീണ സമ്പദ്‌വ്യവസ്ഥയ്ക്ക് ഉത്തേജനമാകുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

**( വോയിസ്....)**

എല്ലാ വിഭാഗങ്ങളേയും ബജറ്റിൽ ഉൾകൊള്ളിച്ചിട്ടുണ്ടെന്നും സ്വയം പര്യാപ്ത ഇന്ത്യയിലേക്കുള്ള ചൂണ്ടുപലകയാണ് ഈ ബജറ്റെന്നും കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ പ്രതികരിച്ചു. അതേസമയം, ബജറ്റിൽ ഇടത്തരക്കാർക്കും യുവാക്കൾക്കുമായി ഒന്നും തന്നെ പ്രഖ്യാപിച്ചിട്ടില്ലെന്ന് പ്രതിപക്ഷം ആരോപിച്ചു. രാജ്യത്തെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ മാതൃകാപരമായ മാറ്റങ്ങളായിരുന്നു ബജറ്റിൽ കൊണ്ടുവരേണ്ടിയിരുന്നതെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു. യുവാക്കൾ അനുഭവിക്കുന്ന തൊഴിലില്ലായ്മ പരിഹരിക്കാനുള്ള ഒന്നും ബജറ്റിലില്ലെന്ന് കോൺഗ്രസ് എം.പി ശശി തരൂർ പ്രതികരിച്ചു.

**( വോയിസ്.... )**

OOOOOOOOOOOOOOOOOOOOOOOOOO

# HEADLINE – 2

## REV SITHARAMAN - BUDGET ( INTRO )

കൃഷി, ഗ്രാമീണ സമൃദ്ധി, നഗരവികസനം എന്നിവയിൽ ഊന്നൽ നൽകുന്നതാണ് ഇത്തവണത്തെ കേന്ദ്ര ബജറ്റ് എന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. ബജറ്റ് അവതരണത്തിന് ശേഷം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അവർ. ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനും ബജറ്റിൽ മുൻഗണന നൽകിയതായി ധനമന്ത്രി പറഞ്ഞു. 12 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവരെ ആദായനികുതിയിൽ നിന്ന് ഒഴിവാക്കാനുള്ള തീരുമാനം ഒരു കോടിയിലധികം ആളുകൾക്ക് പ്രയോജനം ചെയ്യുമെന്ന് ശ്രീമതി നിർമല സീതാരാമൻ പറഞ്ഞു.

**(വോയിസ്...)**

കഴിഞ്ഞ ജൂലൈയിൽ പ്രഖ്യാപിച്ച ആദായനികുതി ലഘൂകരണം പൂർത്തിയായെന്നും ഇതുമായി ബന്ധപ്പെട്ട പുതിയ ആദായനികുതി ബിൽ അടുത്തയാഴ്ച പാർലമെൻ്റിൽ അവതരിപ്പിക്കുമെന്നും കേന്ദ്ര ധനമന്ത്രി അറിയിച്ചു.

OOOOOOOOOOOOOOOOOOOOOOOOOO

## Defence Minister Rajnath Singh,

രാജ്യത്തിൻറെ സമസ്ത വിഭാഗങ്ങളെയും ഒരുപോലെ പരിഗണിക്കുന്നതാണ് കേന്ദ്ര ബജറ്റെന്ന് രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്. പ്രതിരോധമേഖലയെ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തിന് കരുത്തേകുന്ന പ്രഖ്യാപനങ്ങളാണ് ബജറ്റിലുള്ളതെന്നും അദ്ദേഹം പറഞ്ഞു. 6.81 ലക്ഷം കോടി രൂപയാണ് പ്രതിരോധ മന്ത്രാലയത്തിനായി വകയിരുത്തിയിട്ടുള്ളത്.

OOOOOOOOOOOOOOOOOOOOOOOOOO

## Ashwini Vaishnaw

വികസിത ഭാരതം എന്ന ആശയം സാക്ഷാത്കരിക്കുന്നതാണ് കേന്ദ്ര ബജറ്റ് എന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. വികസനം, പരിഷ്ക്കരണം എന്നീ മൂല്യങ്ങൾ ബജറ്റിന്റെ അടിത്തറയാണെന്നും കർഷകർ മുതൽ ഫിൻടെക് വരെയും ചെറുകിട ഇടത്തരം സംരംഭങ്ങൾ മുതൽ നിർമിത ബുദ്ധി വരെയുമുള്ള സമസ്ത

മേഖലകളും ബജറ്റിൽ പരിഗണിച്ചതായും ശ്രീ വൈഷ്ണവ് വ്യക്തമാക്കി.

OOOOOOOOOOOOOOOOOOOOOOOOOO

## BUDGET REACTIONS- KERALA

കേരളത്തിൻറെ പ്രധാന ആവശ്യങ്ങളെയാകെ കേന്ദ്ര ബജറ്റ് നിരാകരിച്ചതായും ഇത് അങ്ങേയറ്റം പ്രതിഷേധാർഹമാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. വയനാട്, വിഴിഞ്ഞം എന്നിവ ബജറ്റ് പരിഗണിച്ചിട്ടില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. ബജറ്റ് കേരളത്തിന് നിരാശജനകമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പ്രതികരിച്ചു. കേരളത്തിന് ന്യായമായ പരിഗണന പോലും ബജറ്റിൽ ലഭിച്ചില്ലെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു. അതേസമയം, കേന്ദ്ര ബജറ്റിൻറെ ഏറ്റവും വലിയ ഗുണഭോക്താവാണ് കേരളമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ അഭിപ്രായപ്പെട്ടു.

OOOOOOOOOOOOOOOOOOOOOOOOOO

## BUDGET AGRICULTURE

എൻഡിഎ സർക്കാരിൻ്റെ മൂന്നാം ടേമിലെ ആദ്യ സമ്പൂർണ ബജറ്റാണ് കേന്ദ്ര ധനമന്ത്രി ഇന്നലെ അവതരിപ്പിച്ചത്. കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് പ്രത്യേക പ്രാധാന്യമാണ് കേന്ദ്ര ബജറ്റ് നൽകുന്നത്. കിസാൻ ക്രെഡിറ്റ് കാർഡിന്റെ വായ്പാ പരിധി മൂന്ന് ലക്ഷത്തിൽ നിന്നും അഞ്ച് ലക്ഷമായി ഉയർത്തും. കുറഞ്ഞ വിളവ് ലഭിക്കുന്ന 100 ജില്ലകളിൽ പി.എം ധൻ ധാന്യ കൃഷി യോജന നടപ്പാക്കും. പഴം-പച്ചക്കറി ഉത്പാദനം വർധിപ്പിക്കാനുള്ള സമഗ്ര പദ്ധതിക്കും അത്യുത്പാദനശേഷിയുള്ള വിത്തുകൾ വികസിപ്പിക്കാൻ പ്രത്യേക ദൗത്യത്തിനും തുടക്കം കുറിക്കും.

OOOOOOOOOOOOOOOOOOOOOOOOOO

## MEDICINE

ക്യാൻസർ ഉൾപ്പെടെയുള്ള ഗുരുതര രോഗങ്ങൾക്കുള്ള 36 ജീവൻ രക്ഷാ മരുന്നുകൾക്ക് കൂടി കസ്റ്റംസ് തീരുവ പൂർണ്ണമായും ഒഴിവാക്കുമെന്ന് ധനമന്ത്രി പ്രഖ്യാപിച്ചു. ഫാർമസ്യൂട്ടിക്കൽ കമ്പനികൾ നടത്തുന്ന രോഗി സഹായ പദ്ധതികൾക്ക് കീഴിലുള്ള മരുന്നുകൾ, അവ രോഗികൾക്ക് സൗജന്യമായി നൽകുമെങ്കിൽ,

തീരുവയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കുമെന്നും ധനമന്ത്രി വ്യക്തമാക്കി.

OOOOOOOOOOOOOOOOOOOOOOOOOO

## HEADLINE – 4

### JPC REPORT LS

വഖഫ് (ഭേദഗതി) ബില്ലിന്മേലുള്ള സംയുക്ത പാർലമെൻ്ററി സമിതി റിപ്പോർട്ട് നാളെ ലോക്സഭയിൽ. സമിതി ചെയർമാൻ ജഗദാംബിക പാലും അംഗം സഞ്ജയ് ജയ്സ്വാളും റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വക്കും. സമിതിക്ക് മുന്നിൽ എത്തിയ തെളിവുകളുടെ രേഖയും മേശപ്പുറത്ത് വയ്ക്കും. ഇന്ത്യയിലെ വഖഫ് സ്വത്തുക്കളുടെ നടത്തിപ്പിനെ നിയന്ത്രിക്കുന്ന 1995-ലെ വഖഫ് നിയമം പരിഷ്കരിക്കാനാണ് ബിൽ ലക്ഷ്യമിടുന്നത്.

OOOOOOOOOOOOOOOOOOOOOOOOOO

### MORN DELHI CAMPAIGNING

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന ഡൽഹിയിൽ പ്രചാരണം നാളെ അവസാനിക്കാനിരിക്കെ തിരഞ്ഞെടുപ്പ് പരിപാടികൾ ഊർജ്ജിതമാക്കി രാഷ്ട്രീയകക്ഷികൾ. ബിജെപിയുടെ മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഇന്ന് ആർ.കെ പുറത്ത് പൊതുയോഗത്തെ അഭിസംബോധന ചെയ്യും. മുതിർന്ന കോൺഗ്രസ് നേതാക്കളായ രാഹുൽ ഗാന്ധി, അജയ് മാക്കൻ തുടങ്ങിയവരും ഇന്ന് തിരഞ്ഞെടുപ്പ് പരിപാടികളിൽ പങ്കെടുക്കും. ആം ആദ്മി പാർട്ടി നേതാവ് അരവിന്ദ് കെജ്രിവാളും പ്രചാരണരംഗത്ത് സജീവമാണ്.

OOOOOOOOOOOOOOOOOOOOOOOOOO

### DELHI POLLS-HOME VOTING

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഭാഗമായി നിരവധി ഭിന്നശേഷിക്കാരും മുതിർന്ന പൗരന്മാരും വീട്ടിൽ നിന്നും വോട്ട് രേഖപ്പെടുത്തിയതായി ഡൽഹി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. കഴിഞ്ഞ മാസം അവസാനത്തോടെ , ആകെ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ 90 ശതമാനത്തിലധികം പേരും ഈ സജ്ജീകരണം പ്രയോജനപ്പെടുത്തി.

OOOOOOOOOOOOOOOOOOOOOOOOOO

## EC-DELHI POLLS

നീതിയുക്തവും അഴിമതിരഹിതവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഡൽഹി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർക്ക് നിർദേശം നൽകി. തിരഞ്ഞെടുപ്പിന് മുമ്പുള്ള 72 മണിക്കൂറിൽ ക്രമസമാധാനം ഉറപ്പുവരുത്തണം. പണമൊഴുക്കി വോട്ടർമാരെ സ്വാധീനിക്കുന്നില്ല എന്ന് ഉറപ്പാക്കണം. മദ്യം മയക്കുമരുന്ന് എന്നിവയുടെ ഒഴുക്ക് തടയണമെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി.

OOOOOOOOOOOOOOOOOOOOOOOOOO

# HEADLINE – 5

## NATIONAL GAMES

ഉത്തരാഖണ്ഡിൽ നടക്കുന്ന 38-ാമത് ദേശീയ ഗെയിംസിൽ ജൈത്ര യാത്ര തുടർന്ന് കേരളം. കേരളത്തിന് ഇന്നലെ മൂന്ന് സ്വർണ്ണം ലഭിച്ചു. നീന്തലിൽ സജൻ പ്രകാശും, ഹർഷിത ജയറാമും, വുഷുവിൽ കെ മുഹമ്മദ് ജാസിലും ആണ് സ്വർണം നേടിയത്. ഗെയിംസിൽ ഏഴാം സ്ഥാനത്താണ് കേരളം. സർവീസസാണ് ഒന്നാമത്. കർണാടകയാണ് രണ്ടാം സ്ഥാനത്ത്. വനിതകളുടെ ബാസ്കറ്റ് ബോൾ, വോളി ബോൾ ഇനങ്ങളിലെ ഫൈനലിൽ കേരളം ഇന്നിറങ്ങും.

OOOOOOOOOOOOOOOOOOOOOOOOOO

# HEADLINE – 5A

## CRICKET-U19 WOMENS WC

ഐസിസി അണ്ടർ 19 വനിതാ ട്വന്റി ട്വന്റി ലോകകപ്പ് ഫൈനലിൽ ഇന്ന് ഇന്ത്യ - ദക്ഷിണാഫ്രിക്കാ പോരാട്ടം. മലേഷ്യയിലെ ബയുമാസ് ഓവലിൽ ഉച്ചക്ക് 12 മണിക്കാണ് മത്സരം. സെമിയിൽ ഇംഗ്ലണ്ടിനെതിരെ 9 വിക്കറ്റിന്റെ ജയത്തോടെയാണ് നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യ ഫൈനലിൽ എത്തിയത്. ഓസ്ട്രേലിയയെ അഞ്ച് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ദക്ഷിണാഫ്രിക്ക ഫൈനൽ യോഗ്യത നേടിയത്.

OOOOOOOOOOOOOOOOOOOOOOOOOO

## MENS CRICKET - IND VS ENG

ഇന്ത്യ - ഇംഗ്ലണ്ട് ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന്. മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിൽ രാത്രി ഏഴ് മണിക്കാണ് പോരാട്ടം. അഞ്ച് മത്സരങ്ങളുടെ പരമ്പര ഇതിനകം 3-1ന് ഇന്ത്യ സ്വന്തമാക്കിയിരുന്നു. മൂന്ന് മത്സരങ്ങളുടെ ഇന്ത്യ - ഇംഗ്ലണ്ട് ഏകദിന പരമ്പരക്ക് വ്യാഴാഴ്ച തുടക്കമാകും.

OOOOOOOOOOOOOOOOOOOOOOOOOO

## KUMBH FOREIGN DELEGATION

77 രാജ്യങ്ങളിൽ നിന്നുള്ള 118 അംഗ പ്രത്യേക പ്രതിനിധി സംഘം പ്രയാഗ് രാജിലെ മഹാ കുംഭമേളയിൽ പങ്കെടുത്തു. ത്രിവേണി സംഗമത്തിൽ സ്നാനം ചെയ്ത സംഘം കുംഭമേളയിലെ ക്രമീകരണങ്ങളെ അഭിനന്ദിച്ചു. മേളയിൽ പങ്കെടുക്കാൻ അവസരമൊരുക്കിയ കേന്ദ്ര, ഉത്തർപ്രദേശ് സർക്കാരുകൾക്ക് പ്രതിനിധിസംഘം നന്ദി അറിയിച്ചു.

OOOOOOOOOOOOOOOOOOOOOOOOOO

## wetland day

ഇന്ന് ലോക തണ്ണീർത്തടസംരക്ഷണ ദിനം. തണ്ണീർത്തടങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ആഗോള അവബോധം വളർത്തുകയാണ് ദിനാചരണം ലക്ഷ്യമിടുന്നത്. ' പൊതു ഭാവിക്കായി തണ്ണീർത്തടങ്ങൾ സംരക്ഷിക്കൽ ' എന്നതാണ് ഈ വർഷത്തെ പ്രമേയം. രാജ്യത്തെ രാംസാർ സൈറ്റുകളുടെ എണ്ണം ഈ വർഷം പരിസ്ഥിതി മന്ത്രാലയം 89 ആയി ഉയർത്തിയിരുന്നു.

OOOOOOOOOOOOOOOOOOOOOOOOOO

## US-ATTACK SOMALIA

സൊമാലിയയിൽ ഇസ്ലാമിക് സ്റ്റേറ്റ് കേന്ദ്രത്തിനെതിരെ യുഎസ് സൈന്യം വ്യോമാക്രമണം നടത്തി. പ്രസിഡൻ്റ് ഡൊണാൾഡ് ട്രംപ് രണ്ടാം വട്ടവും അധികാരത്തിലെത്തിയതിന് ശേഷം ആഫ്രിക്കൻ രാജ്യത്ത് നടക്കുന്ന ആദ്യ ആക്രമണമാണിത്. പ്രാഥമിക വിലയിരുത്തലിൽ IS പ്രവർത്തകർ കൊല്ലപ്പെട്ടതായി സൂചനയുണ്ട്.

OOOOOOOOOOOOOOOOOOOOOOOOOOOOOOOOOOOOOOOOOOO
OOOOOOOOO